# ബൈബിൾ ട്രൂത്ത്



PLEASE NOTE THE CHANGE OF DATES

# *ALL KERALA CHRISTIAN FELLOWSHIP*

AT : Iritty Viswabharathy Auditorium
ON : 23rd, 24th & 25 th December 1992

ALL ARE WELCOME

---

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P K. VARGHESE

J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol 6 November 1992 No. 8

## എഡിറേറാറിയൽ

പ്രകൃതിക്ഷോഭം വ്യക്തികൾക്കും വസ്തുക്കൾക്കും സ്വത്തിനു പോലും നാശം വരുത്തുന്ന ഒന്നാണ്. ചിലപ്പോൾ ഒരു പ്രദേശം മററു പ്രദേശങ്ങളിൽ നിന്നും ഒററപ്പെട്ടു പോകും. കുട്ടികൾ അനാഥരാകും. കിടപ്പാടം നഷ്ടപ്പെടുന്നവർ എത്ര എത്ര ? വ്യക്തി വൈരാഗ്യങ്ങൾക്കോ രാഷ്ട്രീയ ചേരിതിരിവിനോ ഇവിടെ സ്ഥാനമില്ല. ആർക്കും എപ്പോഴും നേരിടാവുന്ന ഒന്നാണ് ഇത്. സഹമനുഷ്യരോട് സ്നേഹവും മനസ്സലിവും ഉള്ള സഹൃദയരായ ആളുകൾ ഇത്തരം സന്ദർഭങ്ങളിൽ അർഹതയുള്ളവർക്കു വേണ്ട സഹായം എത്തിച്ചു കൊടുക്കും. മത വർഗ്ഗ ഛിദ്ര ശക്തികൾ തമ്മിലുള്ള രക്തച്ചൊരിച്ചിലുകൾ നടത്തുന്നവർക്കു ദൈവത്തിൻെറ മുന്നറിയിപ്പായി ഇതു പോലുള്ള സംഭവങ്ങൾ സൂചനയായി നല്കുന്നു. ദൈവത്തെ ഭയന്നു എല്ലാവരേയും സ്നേഹിച്ച് ദൈവ കല്പനയനുസരിച്ച് ജീവിക്കേണ്ടതിൻെറ പ്രാധാന്യം ഇന്നും എന്നും ചെറുതല്ല. എല്ലാവരുടേയും ആത്മിയ ബോധത്തോടെ ഉണർന്നു പ്രവർത്തിച്ചാൽ ദൈവ കോപം കൊണ്ടുണ്ടാകുന്ന ആത്മ നാശം ഒഴിവാക്കാം. അതല്ലെങ്കിൽ ദുഃഖിക്കേണ്ടി വരുന്നത് എന്നേക്കുമായിരിക്കും. ജഡിക ചിന്ത മരണവും ആത്മീക ചിന്ത ജീവനുമായി പരിണമിക്കും.

പികെ വർഗീസ്

# തിരുവെഴുത്ത് ഉദ്ധരണികളും ഒത്തുവാക്യങ്ങളും

## J. C. ചോട്ട്

ഞാനും എന്റെ സഹോദരന്മാരും പൊതുവിൽ എഴുതുമ്പോഴും പ്രസംഗിക്കുമ്പോഴും തിരുവെഴുത്ത് സൂചിപ്പിച്ചുകൊണ്ടു അല്ലെങ്കിൽ ഒത്തുവാക്യം നല്കികൊണ്ടായിരിക്കുമെന്നു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. ഇങ്ങനെ ചെയ്യുന്നതിൽ ഒരു പക്ഷെ നിങ്ങൾ അതിശയപ്പെട്ടേക്കാം. നിങ്ങളുടെ ഉള്ളിൽ അതിനെക്കുറിച്ച് സംശയവും ജനിച്ചേക്കാം. എന്തുകൊണ്ടാണു ഞങ്ങൾ അങ്ങനെ ചെയ്യുന്നതെന്ന് സംശയിക്കുന്നവർക്കും അല്ലാത്തവർക്കും ഒരുപോലെ പ്രയോജനപ്പെടേണ്ടതിന്നു അതിന്റെ കാരണം ഇവിടെ വിവരിക്കാം.

അധികാരത്തെ സംബന്ധിച്ചതാണ് ഈ ചോദ്യം. മതപരമായ ഒരധികാരവും എന്നിൽ ഇല്ല. മതപരമായ കാര്യങ്ങളിൽ എന്റെ അഭിപ്രായങ്ങൾ മററുള്ളവരുടേതിനെക്കാൾ മെച്ചമെന്നു പറയാൻ സാദ്ധ്യമല്ല. തിരുവെഴുത്തുപോലും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (2പത്രൊസ് 1:20). മതപരമായ ലോകത്തു ഇന്നു നിരവധി പേർ അധികാരം കൈവശമാക്കിയിരിക്കയാണ് എന്നതാണ് ഗുരുതരമായ പ്രശ്നം. അവർ ദൈവേഷ്ടം സംസാരിക്കാതെ തങ്ങളുടെ ചിന്തകൾ പ്രസ്താവിക്കുന്നു. അവരുടെ വാക്കുകൾ പരമാധികാരമായി സ്വീകരിക്കാൻ അവർ കല്പന കൊടുക്കയും അതിനു വ്യത്യാസം വരുത്താതെ അതേപടി പ്രവർത്തിക്കയും ചെയ്യണമെന്നു അവർ ആഹ്വാനവും ചെയ്യും. ഉന്നതരെന്നോ ശ്രേഷ്ഠരെന്നോ അവരെ മുദ്രയടിച്ചിരിക്കയാണ്. പക്ഷെ ഇതുമാത്രമല്ല; ഈ ആളുകൾ തങ്ങളേയും മററുള്ളവരേയും വഞ്ചിക്കുന്നവരാണ്. മനുഷ്യൻ മനുഷ്യൻ മാത്രമാണ്. സ്വയം രക്ഷി

ക്കുവാനോ മററുള്ളവരെ രക്ഷിക്കുവാനോ മനുഷ്യർക്കു കഴികയില്ല. അപ്പോൾ പിന്നെ ദൈവ വചനം സംസാരിക്കാതെ എങ്ങനെ ഒരാൾക്കു ദൈവത്തിനുവേണ്ടി സംസാരിക്കാൻ കഴിയും ? വളരെക്കാലം മുൻപ് ജീവിച്ചിരുന്ന യിരമ്യാവ് പ്രവാചകൻ പറയുകയുണ്ടായി മനുഷ്യനു തൻെറ വഴികളെ നേരെയാക്കാൻ സാദ്ധ്യമല്ല എന്ന് (യിരമ്യാവ് 10:23).

ഞാൻ വാക്യങ്ങൾ ഉദ്ധരിക്കുവാനും ഒത്തുവാക്യങ്ങൾ അതോടൊപ്പം ചേർക്കുവാനും കാരണം, ഞാൻ മുൻപ് പ്രസ്താവിച്ച പ്രമുഖമായ കാര്യങ്ങളെ വചനത്താൽ ഉറപ്പിക്കുകയാണ് ചെയ്യുന്നതു. ഇങ്ങനെ ചെയ്യുമ്പോൾ പറഞ്ഞതായ കാര്യങ്ങളൊന്നും എൻേറതല്ല; കർത്താവിൻെറ വചനത്തിൽ പറഞ്ഞിരിക്കുന്നതാണ് എന്ന് സ്ഥിരീകരിക്കയാണ്. ഞാൻ പറയുന്നതു നിങ്ങൾ വിശ്വസിക്കണമെന്നോ അനുസരിക്കണമെന്നോ അല്ല എൻെറ ആഗ്രഹം. എന്നാൽ കർത്താവ് പറഞ്ഞിട്ടുള്ളവ വിശ്വസിക്കുവാനും പ്രമാണിക്കുവാനും ആണ്. എൻേറതായ വാക്കുകളിൽ ഒരു പ്രതിപാദ്യം നടത്തിയിയിട്ട് അതിന് ഉപോൽബലകമായി ഒരു വാക്യവും ചൂണ്ടിക്കാട്ടുന്നു. എൻെറ ഉപദേശം ദൈവ വചനത്തിൽ നിന്നു വരുന്നതാണ് എന്നു ബോധ്യപ്പെടുത്തുകയാണ് അതിൻെറ ഉദ്ദേശം.

ചില സമയത്തു ഞാൻ പറഞ്ഞ വസ്തുതയെ ബലപ്പെടുത്തുന്നതിനു വാക്യം മാത്രം എടുത്തുകാണിക്കാറുണ്ട്. ആ പ്രത്യേകമായ വിഷയത്തിൽ ദൈവം എന്താണ് അരുളിച്ചെയ്തിരിക്കുന്നതു എന്നു വ്യക്തമാക്കുകയാണ് ലക്ഷ്യം. മററു സന്ദർഭങ്ങളിൽ സ്ഥലപരിധി നിമിത്തമോ കൂടുതൽ വാക്യങ്ങൾ ഉദ്ധരിച്ചതുകൊണ്ടോ ചുരുങ്ങിയ വാക്യങ്ങളിൽ ഒതുക്കി നിർത്തുകയാണ് പതിവ്. ലേഖനം വായിക്കുന്നവർക്കു പിന്നീട് ദൈവ വചനത്തിൽ പരിശോധിക്കാവുന്നതുമാണ്. ഇങ്ങനെ വെറും വാക്കുകളല്ല; അതിനു സഹായകരമായ വചനംഉണ്ട് എന്ന് തെളിയിക്കപ്പെടുകയും ചെയ്യുന്നു.

വിശ്വാസ പ്രമാണം, വിശ്വാസ പ്രഖ്യാപനം, അച്ചടക്കം എന്നീ പുസ്തകങ്ങളിൽ നിന്നോ, പണ്ടും ഇപ്പോഴും ഉള്ള മതാദ്ധ്യക്ഷന്മാരുടെ പ്രസ്താവനകളിൽ നിന്നോ, ചരിത്രപരമായ ഉറവിടങ്ങളിൽ നിന്നോ ഉദ്ധരിച്ചുകൊണ്ടു പ്രസംഗിക്കുന്നവരും എഴുതുന്നവരും ഉണ്ട്. അവർ പറയുന്നതു ആധികാരികമെന്നു കാണിക്കേണ്ടതിന്നു അവർ തങ്ങളുടെ പള്ളിയുടെ വിശ്വാസാചാരങ്ങളെയാണ് ആശ്രയിക്കുന്നതു. മററുള്ള ചിലർ മനശ്ശാസ്ത്രത്തേയും തത്വശാസ്ത്രത്തേയും അവലംബിക്കുന്നു. പക്ഷെ ഇവയ്ക്കെല്ലാം ദൈവ വചനത്തോടുള്ള ബന്ധമെന്താണ് ? തീർത്തും ഇല്ല എന്നു പറയാം. മനുഷ്യരുടെ ഉപദേശങ്ങളെയും കല്പനകളെയും കർത്താവ് തന്റെ വചനത്തിൽ വിലക്കിയിട്ടുണ്ട് (മർക്കൊസ് 7:7)

മതപരമായി ഇന്നു യേശുക്രിസ്തു എന്ന ഏക അധികാരിയേയുള്ളു. "ആകാശത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" എന്നു ക്രിസ്തു തന്നെ പറയുകയുണ്ടായി. എല്ലാം എന്നു നമ്മുടെ രക്ഷിതാവു പറഞ്ഞു; നാം എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിൽ ചെയ്‌വിൻ എന്നു പൗലൊസും എഴുതി (കൊലൊസ്യർ 3:17). വചനം പ്രമാണിക്കുന്നവരായി സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായ പ്രമാണത്തിൽ നില നില്പാൻ യാക്കൊബ് പ്രബോധിപ്പിക്കയുണ്ടായി (യാക്കൊബ് 1:25;1:21). അങ്ങനെ ചെയ്താൽ മാത്രമെ നമ്മുടെ കർത്താവ് നമ്മിൽ പ്രസാദിക്കയുള്ളു.

പ്രവാചകന്മാരുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണു യേശുക്രിസ്തു പോലും പ്രസംഗിച്ചതും ഉപദേശിച്ചതും. ഉദാഹരണമായി സാത്താൻ യേശുക്രിസ്തുവിനെ പരീക്ഷിക്കാൻ വന്നപ്പോൾ താൻ അതു നേരിടുന്നതു പഴയനിയമത്തിലെ വാക്യങ്ങൾ കാണിച്ചുകൊണ്ടാണ്. ഓരോ പരീക്ഷണത്തിലും നമുക്ക് ഇതു ദർശിക്കാം (മത്തായി 4:1-11). വിഗ്രഹാരാധികളേയും പിറുപിറുപ്പുകാരേയും

ദൈവം നശിപ്പിച്ചു എന്നു പറഞ്ഞുകൊണ്ട് പൗലൊസ്, പുറപ്പാട് 32:6; സംഖ്യാ പുസ്തകം 14:2 എന്നിവ ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നിട്ട് ഇതെല്ലാം അവർക്കു ദൃഷ്ടാന്തമായും ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കോ ബുദ്ധിയുപദേശത്തിനായും തന്നിരിക്കുന്നു എന്നും വ്യക്തമാക്കി (1കൊരിന്ത്യർ 10:11). അബ്രഹാമും രാഹാബും തങ്ങളുടെ വിശ്വാസം പ്രവൃത്തിയാൽ എങ്ങനെ പൂർണ്ണമാക്കി എന്നു യാക്കോബ് സ്പഷ്ടമാക്കുന്നു. ഇങ്ങനെ അനേകം ഉദാഹരണങ്ങൾ വേണമെങ്കിൽ ബൈബിളിൽ നിന്നും കാണിക്കാം. ദൈവത്തിന്റെ സന്ദേശവാഹകരെല്ലാം അതു ചെയ്തുവെങ്കിൽ നാം അപ്രകാരം ചെയ്യേണ്ടേ? ദൈവം ഇപ്രകാരം അരുളിചെയ്യുന്നു എന്നതായിരിക്കണം നമ്മിൽ നിന്നും വരേണ്ടതു.

വചനത്തിൽ പ്രതിപാദിക്കുന്നതു അതേപടി സംസാരിക്കാത്ത ഒരുപദേഷ്ടാവിന്റെ പ്രസംഗം നിങ്ങൾ കേൾക്കരുതു; അതു വിശ്വസിക്കയുമരുതു. ചിലർ തിരുവെഴുത്തു ഉദ്ധരിക്കും എന്നാൽ അവരുടെ വിശ്വാസത്തിനു യോജിക്കുന്ന വിധത്തിലായിരിക്കും. ആരെങ്കിലും ദൈവേഷ്ട പ്രകാരമാണ് സംസാരിക്കുന്നതെന്നു പറഞ്ഞാൽ അതു തിരിച്ചറിയുവാൻ ചില നിയമാവലികൾ ഉണ്ട്. അതു നാം മനസ്സിരുത്തിഗ്രഹിക്കണം. ആദ്യമായി ദൈവ വചനം സത്യമാണ്. അതു പരസ്പര വിരുദ്ധമല്ല (യോഹന്നാൻ 17:17). രണ്ടാമതായി സ്വർഗ്ഗത്തിലേക്കുള്ള ഏകവഴി ക്രിസ്തു മാത്രമാണ് (യോഹന്നാൻ 14:6). അവൻ എല്ലാവരേയും ഒരേപോലെ രക്ഷിക്കുന്നു (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്ന എല്ലാവരേയും തന്റെ ഏക സഭയിലേക്കു അവൻ ചേർക്കുന്നു (പ്രവൃത്തി 2:47). അവന്റെ ജനം അവന്റെ നാമം സ്വീകരിക്കും (1പത്രൊസ്. 4:16). എല്ലാവരും ഒരേ രീതിയിൽ ആരാധിപ്പാനും ദൈവം കല്പിച്ചിരിക്കുന്നു. അതേപോലെ മരണം വരെ എല്ലാവരും . വിശ്വസ്തരായിരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു (വെളിപ്പാട് 2:10). ഇപ്പോൾ ഇതിനു വിരോധമായി ആരെങ്കിലും പഠിപ്പിച്ചാൽ അവൻ തെററാ

ണ് സംസാരിക്കുന്നതു. പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ (1യോഹന്നാൻ 4:1). ക്രിസ്തുവിനെ പിൻ പറ്റുന്നവർ എല്ലാം വിശ്വസിക്കേണ്ടതും പരിശീലിക്കേണ്ടതും പഠിപ്പിക്കേണ്ടതും ഒന്നുതന്നെയായിരിക്കണം. അങ്ങനെ ആയാൽ ഐക്യത കൈവരിക്കാം (യോഹന്നാൻ 17). അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും എളുപ്പത്തിൽ ഒരാൾ സത്യമാണോ അല്ലയോ സംസാരിക്കുന്നതു എന്നു ഗ്രഹിക്കാം.

കർത്താവിൻെറ ഹിതം പ്രഖ്യാപിക്കുന്ന ഒരു ക്രിസ്ത്യാനി എല്ലാവരോടും സുവിശേഷം ഘോഷിക്കുവാൻ പ്രതിജ്ഞാബദ്ധനാണ് (2തിമൊഥെയോസ് 4:1-4). അതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ല (വെളിപ്പാട് 22:18-19). ദൈവ വചനത്തിൽ, സുവിശേഷത്തിൽ ശക്തി ഉണ്ട് (എബ്രായർ 4:12; റോമർ 1:16-17). അതാണ് പ്രസംഗിക്കേണ്ടതു, ജനങ്ങൾ അതു മാത്രം കേട്ടു വിശ്വസിച്ച് അനുസരിച്ച് രക്ഷ പ്രാപിക്കണം (1പത്രൊസ് 1:22,23).

പ്രിയ സ്നേഹിതരേ, ഞങ്ങൾ വിശ്വസിക്കുന്നതു ദൈവ വചനത്തെ അടിസ്ഥാനമാക്കിയാണ്. നിങ്ങളും ആ സത്യം മനസിലാക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. സത്യത്തെക്കുറിച്ച് ഞങ്ങൾ ലജ്ജിക്കുന്നില്ല. ഞങ്ങളിൽ തെററുണ്ടെങ്കിൽ തിരുത്തുവാനും ഞങ്ങൾ തയ്യാറാണ്. ദൈവം വെളിപ്പെടുത്തിയ സത്യത്തിനു നമുക്കു ദൈവത്തോടു നന്ദിയുള്ളവരായിരിക്കാം.

★

# 5 മിനിററ് നിങ്ങൾ ചെലവഴിക്കുമോ?

**ജോൺ. W**

പുരാതന യെരുശലേമിൽ ജീവിച്ചിരുന്ന പത്രോസ്, യക്കോബ് തുടങ്ങിയ ആദിമസഭയിലെ ശിഷ്യന്മാർ സ്വീകരിച്ച വഴിയിലും രീതിയിലുമുള്ള ഒരു ക്രിസ്ത്യാനിയാണോ നിങ്ങൾ ? അല്ലെങ്കിൽ, നിങ്ങൾക്ക് അതിനെ സംബന്ധിച്ച് തീർച്ചയില്ലെങ്കിൽ പുതിയ നിയമത്തിൽ പ്രതിപാദിക്കുന്ന രീതിയനുസരിച്ച് യേശുക്രിസ്തുവിന്റെ പിൻഗാമിയാകുവാൻ എന്താണ് ചെയ്യേണ്ടതു എന്നു പരിശോധിക്കുവാൻ അഞ്ചു നിമിഷം നിങ്ങൾ എടുക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

**തിരിച്ചറിയുക.** എല്ലാ മനുഷ്യരും പാപികളും അതുകൊണ്ടു നഷ്ടപ്പെട്ടവരുമാണ്. ക്രിസ്തുവിനെ കൂടാതെ ആയതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു (റോമർ 3:23; 6:23). മതപരമായി എങ്ങനെയെങ്കിലും അങ്ങു പോയാൽ മതി എന്നതു ശരിയല്ല. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന വ്യക്തി മാത്രമെ അംഗീകരിക്കപ്പെടുകയുള്ളു എന്നു കർത്താവു പഠിപ്പിക്കയുണ്ടായി (മത്തായി 7:21).

**ഗ്രഹിക്കുക.** ദൈവത്താൽ സ്വീകാര്യമായ രക്ഷ കരസ്ഥമാക്കുവാൻ പര്യാപ്തമായ അറിവ് ബൈബിളിനു അപ്പുറം ഇല്ലെന്ന വസ്തുത നിങ്ങൾ മനസിലാക്കണം. ക്രിസ്തുവിന്റെ വചനം കേട്ടിട്ടായിരിക്കണം വിശ്വാസം ഒരാളിൽ ജനിക്കേണ്ടതു. അതിനപ്പുറമായ ഒന്നും വിശ്വാസമേ അല്ല.

**വിശ്വസിക്കുക.** നസ്രായനായ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനും ക്രിസ്തുവുമാണെന്നു പൂർണ്ണഹൃദയത്തോടെ നിങ്ങൾ വിശ്വസിക്കണം (മത്താ 16:16; യോഹന്നാൻ 8:24). നിങ്ങളുടെ വിശ്വാസം വെറും തോന്നൽ മാത്രമായിരിക്കാതെ ദൈവേഷ്ടം സന്തോഷത്തോടെ അനുസരിക്കുന്ന ഒന്നായിരിക്കണം (ഗലാത്യർ 5:6). കർത്താവിനെ നിങ്ങൾ

സ്വീകരിച്ചിരിക്കുന്ന വസ്തുത ഏററു പറയുവാൻ തക്ക വിശ്വാസമായിരിക്കണം നിങ്ങൾക്കു ഉണ്ടാകേണ്ടതു (മത്തായി 10:32 റോമർ 10:9-10). വിശ്വാസം ഹൃദയത്തിൽ നിന്നായിരിക്കണം വരേണ്ടതു. ക്രിസ്തുവിൻെറ വചനം കേട്ട ശേഷമുള്ള ഒന്നായിരിക്കണം വിശ്വാസം. മാനുഷിക പ്രേരണയാലോ അത്ഭുത സംഭവങ്ങളിലുള്ള ഉറപ്പുകൊണ്ടുണ്ടാകുന്ന വിശ്വാസത്തിന് ഇന്നു പ്രസക്തിയില്ല.

**അനുസരിക്കുക :** ദൈവസൃഷ്ടികൾക്കെല്ലാം ഉണ്ടാകേണ്ട ഒരു ഗുണമാണ് അനുസരണം. മാനസികമായും ശാരീരികമായും ആത്മീകമായും നാം സന്തോഷം അനുഭവിക്കണം എന്നതാണ് അതിൻെറ ഉദ്ദേശം. അതിനുവേണ്ടി മാത്രമാണ് കല്പനകൾ തന്നിരിക്കുന്നതു. ചിലർ പറയുന്നതുപോലെ ദൈവത്തിൻെറ സ്വാർത്ഥതകൊണ്ടല്ല. ആരംഭം മുതൽ മനുഷ്യർ ദൈവത്തിൻെറ ആജ്ഞയെ സ്വീകരിക്കാതെയിരുന്നു. അനുസരണം മറെറന്തിനേക്കാളും ആവശ്യമാണെന്നു മുൻകൂട്ടി നമ്മെ ഓർമ്മിപ്പിച്ചിട്ടുണ്ട്.

മക്കൾ മാതാപിതാക്കളോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുന്നതു അവർ പറയുന്നതുപോലെ ചെയ്യുന്നതുകൊണ്ടാണ്. ആ നല്ല മാതൃകയും സ്വഭാവവും യേശു ക്രിസ്തു നമുക്കു കാണിച്ചു തന്നു. ദൈവമായിരിക്കെ, ദൈവത്തോടുള്ള സമത്വം ഉപേക്ഷിച്ച് മനുഷ്യനായി ക്രൂശിലെ മരണത്തോളം അവൻ അനുസരണമുള്ളവനായി തീർന്നു. (ഫിലിപ്പിയർ 2:6-8). തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യ രക്ഷയുടെ കാരണഭൂതൻ ആകുവാൻ നിയമിച്ചിരിക്കുന്നു (എബ്രായർ 5:8-9). നമ്മോടു ദൈവം ചെയ്യുവാൻ പറയുന്ന കാര്യങ്ങൾ എല്ലാം നാം അനുവർത്തിക്കണം. ഒന്നും ഉപേക്ഷയായി വിട്ടു കളയരുതു. നമ്മളെ രക്ഷിക്കുന്നതു ക്രിസ്തുവാണ്. ഒരിക്കൽ നമ്മെ വിധിക്കുവാനുള്ള അധികാരവും അവനു തന്നെയാണ്. നിങ്ങൾ ക്രിസ്തുവിൻെറ രക്ഷാപദ്ധതി അനുസരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക.

★

# ഉപകരണസംഗീതം

മതപരമായ ലോകത്തിൽ പൊതുവിൽ അംഗീകരിച്ചിരിക്കുന്ന ഒരു വിഷയമാണ് ഉപകരണങ്ങളുടെ സഹായത്തോടുകൂടിയുള്ള ഗാനാലാപം. വാസനയും കഴിവുള്ള എത്രയോ ഗായകൻമാർ ഇന്നു പ്രചാരത്തിലുണ്ട്. സദസിനെ ആസ്വദിപ്പിക്കുവാൻ ഗായകൻമാർ പാട്ടിനു കൊഴുപ്പുകൂട്ടുന്നു. ഉപകരണങ്ങൾ എത്രമാത്രം വർദ്ധിപ്പിക്കാമോ, അത്രയും മേളക്കൊഴുപ്പ് അവകാശപ്പെടുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതു. എന്നാൽ ലളിതമായ രീതിയിൽ എത്ര ശ്രുതിമധുരമായി പാടിയാലും അതു ശരിയായി ആസ്വദിക്കാൻ ആളുകൾ കുറവാണ്.

അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തുവാനും അവനെ പ്രസാദിപ്പിക്കുവാനും ഗാനം ആവശ്യമാണ്. തിരുവെഴുത്തു അതിനെ സാധൂകരിക്കുന്നുണ്ട്. പക്ഷെ അതിരുകവിഞ്ഞ ഗാനമേളയോ, സംഗീത വിരുന്നോ ദൈവം ആവശ്യപ്പെടാത്തതാണ്. ദൈവഹിതത്തെ മാനിക്കുന്ന ദൈവമക്കൾ തലയായവനിൽ നിന്നു ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു. നമ്മുടെ തല യേശുക്രിസ്തുവാണ്. ശരീരമാകുന്ന അവന്റെ സഭ എന്തു ചെയ്യണമെന്നു പ്രബോധിപ്പിക്കുന്നതു ക്രിസ്തുവാണ്. ഓരോ അവയവവും അതു അപ്പാടെ അനുസരിക്കണം. അവൻ പഠിപ്പിച്ചയച്ച അപ്പൊസ്തലൻമാർ നമുക്കു മാതൃകയാണ്. അവരുടെ ഉപദേശവും പരിശീലനവും പ്രവൃത്തിയും രേഖപ്പെടുത്തിയിരിക്കുന്നതു, നാം അതു പിൻപറേണ്ടതിന്നാണ്. പലതുകൊണ്ടും നാം സ്വീകരിക്കേണ്ട ക്രമം അവർ നമുക്കായി ബൈബിളിൽ നല്കിയിട്ടുണ്ട്.

അക്ഷരികവും ആത്മീകവുമായ നിയമങ്ങളെ വിവേചിച്ച് മനസിലാക്കാത്തവരാണ് ഈ യാന്ത്രിക ഉപകരണങ്ങൾ

കൂടിയേ തീരൂ എന്നു ശഠിക്കുന്നതു. അപ്പൊസ്തലന്മാരെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആക്കി എന്നു പറയുമ്പോഴും അക്ഷരത്തിന്റേതല്ല എന്നു എടുത്തു പറയുന്നുണ്ട്. അക്ഷരികമായ നിയമം അല്ലെങ്കിൽ ഭൗതികമായ നിയമം അനുസരിക്കാത്തവർക്കു ശിക്ഷയാണ് ഉള്ളതു; മോചനമില്ല. പുതിയ നിയമം കൃപയുടേയും സത്യത്തിന്റെയും നീതിയുടേയും പ്രമാണമാണ്. അതുകൊണ്ട് ദൈവം കല്പിക്കാത്ത ഭൗതികമായ വസ്തുക്കൾ ഒന്നും നാം ആരാധനയിൽ ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടതു. നമുക്കു ശരിയെന്നു തോന്നുന്ന കാര്യങ്ങളിൽ നാം കടിച്ചുതൂങ്ങുവാൻ നില്ക്കരുതു. ക്രിസ്തുവിൽ ആയി തീരുന്നതോടെ പഴയതെല്ലാം നാം വിട്ടുകളയണം. നാം ദൈവത്തെ എല്ലാ കാര്യങ്ങളിലും പൂർണ്ണമായി അനുസരിക്കുന്നുണ്ടോ എന്നു നാം ശോധന ചെയ്യണം.

ഉപകരണങ്ങൾ ഇല്ലാതെ പാട്ടു പാടിയാൽ അതിനു ജീവനില്ല ഉണർവ്വില്ല എന്നെല്ലാം കരുതുന്നവരുണ്ട്. അവരും മനസിലാക്കേണ്ടതു നമ്മുടെ കർണ്ണങ്ങൾക്കു ഇമ്പമുള്ളതു ദൈവത്തിനും ഇമ്പമായിരിക്കും എന്ന ചിന്താഗതി തെററാണ്. ദൈവം ആത്മാവാണ്. ആ ദൈവത്തെ ആസ്വദിപ്പിക്കേണ്ടതു ആത്മീയ ഗീതങ്ങളിലൂടെയായിരിക്കണം. ശാന്തമായി യാതൊരു തടസവും ഇടർച്ചയും ഇല്ലാതെ ഹൃദയത്തിൽ നിന്നു വരുന്ന അതേ ശബ്ദം തന്നെ മായമില്ലാതെ കേൾക്കുമ്പോഴും അതു വചനാനുസരണമെങ്കിൽ ദൈവം സ്വീകരിക്കും: സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറെച്ചു നില്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങി പോകരുതു (ഗലാത്യർ 5:1).

നിങ്ങളുടെ വാക്കു ഉവ്വ് എന്നും ഇല്ല എന്നും ആയിരിക്കണം. തിരുവെഴുത്തു പറയുന്നതു അതേ പോലെ അംഗീകരിക്കാനും ഇല്ലാത്തതു ത്യജിക്കാനും കഴിയണം. ഐക്യതക്കു വിരുദ്ധമായി നില്ക്കുന്ന എല്ലാം വിട്ടു കളഞ്ഞു യേശു ക്രിസ്തുവിന്റെ വചനപ്രകാരം നമുക്കു വിശ്വാസത്തി

ല്ലും പരിശീലനത്തിലും ആരാധനയിലും ഒന്നായി തീരാം. അങ്ങനെയും ഇങ്ങനെയും ആകാം എന്ന നിലപാട് ആത്മാർത്ഥമല്ല. നമ്മുടെ നീതീകരണത്തിനും അംഗീകാരത്തിനും അനുസരണത്തിനും ദൈവത്തെ ആശ്രയിക്കുകയേ നിർവ്വാഹമുള്ളൂ.

"ഈ വിധം പ്രത്യാശയുള്ളവരായി ഞങ്ങൾ വളരെ പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നു. നീങ്ങിപ്പോകുന്നതിന്റെ അന്തം യിസ്രായേൽ മക്കൾ കാണാതവണ്ണം മോശെ തന്റെ മുഖത്തു മൂടുപടം ഇട്ടതുപോലെയുമല്ല. എന്നാൽ അവരുടെ മനസ്സു കഠിനപ്പെട്ടുപോയി. പഴയ നിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലോ അതു ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. മോശെയുടെ പുസ്തകം വായിക്കുമ്പോൾ മൂടുപടം ഇന്നേയോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു (2കൊരിന്ത്യർ 3:6-16). ഇപ്പോൾ ന്യായ പ്രമാണത്തിന്റെ ഒരു ഭാഗത്തിൽ പിടിച്ചിരിക്കുന്നവർ പൌലൊസിന്റെ പ്രബോധനം ശരിയായി മനസിലാക്കേണ്ടതാണ്. ഇന്നും മോശെയുടെ പുസ്തകം വായിച്ചാൽ മൂടുപടം അവരുടെ ഹൃദയത്തിൽ കിടക്കുന്നതായി കാണാം എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരുടെ കാഴ്ച്ച ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ കർത്താവിങ്കലേക്കു തിരിയുമ്പോൾ ആ മൂടുപടം നീങ്ങിപ്പോകുന്നു. കാരണം ന്യായ പ്രമാണം അതോടെ ബാധകമല്ലാതായി മാറുന്നു.

യേശു ക്രിസ്തു ക്രൂശിൽ മരിച്ചതോടെ അവൻ ന്യായപ്രമാണത്തെ നീക്കം ചെയ്തു അവന്റെ രക്തത്താൽ മുദ്രയടിച്ച് ഉറപ്പാക്കി തന്ന പുതിയ നിയമം എല്ലായിടത്തും എല്ലാവർക്കും കാലം ഉള്ളേടത്തോളം നില നിർത്തിയിരിക്കയും ചെയ്തിരിക്കുന്നു എന്നതു പ്രസ്താവനകൾക്കു പുറകെ പ്രസ്താവനകൾ വചനത്തിൽ നിന്നും എടുത്തു കാണിക്കാം, ക്രിസ്തു പറഞ്ഞ വസ്തുത എന്തെന്നാൽ അവസാന നാളിൽ ന്യായം വിധിക്കുന്നതു തന്റെ വചന പ്രകാരം ആ

യിരിക്കും എന്നാണ് (യോഹന്നാൻ 12:48). ഏതായാലും ഈ സമയത്തു മററു ചില കാര്യങ്ങൾ കൂടെ നോക്കേണ്ടതായി ട്ടുണ്ട്.

## യാന്ത്രിക സംഗീതം

മനുഷ്യ നിർമ്മിതമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, എന്നിവ സംഗീതത്തിൻെറ തനിമയെ മെച്ചപ്പെടുത്താൻ വേണ്ടി ഇന്നു ഉപയോഗിക്കുന്നുണ്ട്. പണ്ടും ഇവ പ്രചാരത്തിലിരുന്നു എന്നതു വാസ്തവമാണ്. കാര്യങ്ങൾ വിവേചിച്ച് കൈകാര്യം ചെയ്യുവാനാണ് നാം ശ്രമിക്കേണ്ടതു. പഴയ നിയമ കാലയളവിൽ ഉപയോഗിച്ചിരുന്ന ഒന്ന് എന്തുകൊണ്ട് ഇപ്പോൾ ഉപയോഗിച്ചു കൂടാ എന്ന വാദഗതി ഉയർന്നു കേൾക്കാറുണ്ട്. പാരമ്പര്യത്തെ മുറുകെ പിടിക്കുന്ന പ്രവണത എല്ലാ കാലത്തും ഉണ്ട്. പുതിയ സൃഷ്ടിത്വത്തിനു ആധാരമായ പ്രമാണം അനുസരിക്കുന്നവർക്കു കരുണയും സമാധാനവും അനുഭവിക്കാൻ കഴിയും. സംഗീതം ഹൃദയത്തിൽ നിന്നും വരുന്ന ഒരു ശബ്ദമായിരിക്കും. അതിൻെറ മധുരിമയെ മറെറാന്നു കൊണ്ട് മാററം വരുത്തുവാൻ ദൈവം ഇപ്പോൾ അനുവദിക്കുന്നില്ല.

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൻെറ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാററിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ (എഫെസ്യർ 5:19-20). വീണ്ടും അപ്പൊസ്തലനായിരുന്ന പൗലൊസ് ഈ വിഷയത്തെ കൊലൊസ്യർക്ക് ഗ്രഹിപ്പിക്കുന്നതു ശ്രദ്ധിക്കുക. "ആത്മിക ഗീതങ്ങളാലും സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിൻെറ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ.

★

# STOP PRESS

## ബാബു ഫ്രാൻസിസ്

"ചർച്ച് ഓഫ് ഇംഗ്ലണ്ടിലും വനിതാ വൈദികർ " പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും സ്ഥാനം വേണമെന്നതാണോ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ ചിന്തിക്കുന്നത് ?. ലോകാവസാനം അടുത്തെത്തി നില്ക്കുന്ന ഈ ഘട്ടത്തിൽ നമ്മെ ചിന്തിപ്പിക്കുന്ന സംഭവങ്ങൾ അനവധി ഉണ്ട്.

പൊതു സിനഡിന്റെ മൂന്നു സഭകളും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെയാണ് സ്ത്രീകളെ വൈദികരാക്കുവാനുള്ള തീരുമാനം അംഗീകരിച്ചതു. അവരുടെ തീരുമാനത്തിന്റെ മാനദണ്ഡം താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

ബിഷപ്പുമാർ — 39-13. അതായതു 13 പേർ ഈ തീരുമാനത്തെ അനുകൂലിച്ചു എന്നർത്ഥം.

വൈദികർ — 176-74. ആകെ 176 പേർ ഉണ്ടായിരുന്നതിൽ 74 പേർ അനുകൂലിക്കയുണ്ടായി.

അത്മായർ — 169-82. മൊത്തം ഉണ്ടായിരുന്ന 169 പേരിൽ 82 പേർ ഈ തീരുമാനത്തെ മാനിച്ചു എന്നു വ്യക്തം.

ഇനി എലിസബത്ത് രാജ്ഞിയുടെ അംഗീകാരത്തിനായി അവർ കാത്തിരിക്കുന്നു. ആ അംഗീകാരം കൂടി ലഭിച്ചാൽ അവരുടെ നിയമത്തിനു അല്ലെങ്കിൽ തീരുമാനത്തിന് സാധുത ആയി എന്നാണ് അവരുടെ വിവക്ഷ.

പക്ഷെ ഏതാനും ചോദ്യങ്ങൾ അവരോടു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കു യേശു ക്രിസ്തുവിന്റേയും വചനത്തിന്റേയും ഹിതം വേണ്ടയോ ? മററർത്ഥത്തിൽ പറഞ്ഞാൽ ഇവർക്കു ദൈവത്തിന്റെ അംഗീകാ

രം വേണ്ടയോ ? യേശു ക്രിസ്തുവും, താൻ പഠിപ്പിച്ച അപ്പൊസ്തലന്മാരും പരിശുദ്ധാത്മാവും അരുളിച്ചെയ്യാത്ത ഒരു പ്രസ്താവനയോ പരിശീലനമോ മതപരമായി ഇറക്കുവാൻ തുനിയുന്ന ഇക്കൂട്ടർ യേശു ക്രിസ്തുവിനും പരിശുദ്ധാത്മാവിനും അപ്പൊസ്തലന്മാർക്കും മുകളിലോ ?

മതപരമായ സകല അധികാരവും നിക്ഷിപ്തമായിരിക്കുന്നതു ക്രിസ്തുവിലാണ് (മത്തായി 28:18). ദൈവം ഇന്നു മനുഷ്യരോടു സംസാരിക്കുന്നതു തന്റെ പുത്രനായ യേശു മുഖാന്തരമാണ്. ദൈവ ശാസ്ത്രീയമായ വചനം പൂർണ്ണമാക്കി എഴുതി തന്നിരിക്കുമ്പോൾ നാം അതിനപ്പുറമായി ഭാവിക്കരുതു (1കൊരിന്ത്യർ 4:6).

ബൈബിളിൽ പുതിയ നിയമത്തിനു അന്യമായ വൈദിക ചടങ്ങു ഇന്നും ചെയ്തു പോകുന്നതു നിർത്തേണ്ടവർ വീണ്ടും സ്ത്രീകളെക്കൂടെ അതിൽ ഉൾപ്പെടുത്തി ആത്മീയ അരാചകത്വം സൃഷ്ടിക്കുകയാണ്. അവർ പാപം ചെയ്യുകയും മററുള്ളവരെ അതേ പാപം ചെയ്യിക്കുന്ന സ്ഥിതിയിലേക്കു ഒരു നാമധേയ സഭ തരം താഴുകയാണ്. നമ്മുടെ ചിന്തകൾ ഉണരണം. മത മേധാവികളായാലും ചെയ്യുന്ന തെററുകൾ ചൂണ്ടിക്കാണിക്കുന്നതു വിമർശനമായി കാണരുതു. അവർ ദൈവ വചനം പരിശോധിക്കുകയും പഠിക്കുകയും സത്യം അനുസരിക്കുവാൻ തയ്യാറാവുകയും ചെയ്യണം.

ദൈവേഷ്ടത്തിന്നു വിപരീതമായി പ്രവർത്തിക്കുന്ന എല്ലാ മതപരമായ ചടങ്ങുകളേയും ബഹിഷ്ക്കരിക്കുവാൻ ദൈവത്തോടും തങ്ങളുടെ ആത്മാക്കളോടും ആത്മാർത്ഥതയുള്ളവർ തയ്യാറാകണം. കർത്താവായ യേശു ക്രിസ്തു വിഭാവനം ചെയ്ത സഭാ നിയമങ്ങൾ എന്താണ് എന്നു നമുക്കു പരിശോധിക്കാം. നിയമം ഉണ്ടാക്കുവാനോ അതിനു മാററം വരുത്തുവാനോ ഇന്നു ആരെയും ദൈവം ആക്കിയിട്ടില്ല. നിയമ കർത്താവായ യേശു ക്രിസ്തുവിന്റെ നിർദ്ദേശങ്ങളെ നാം തിരിച്ചറിയണം. എന്നാൽ ഏതു പുരുഷന്റേ

യും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ഇച്ഛരിക്കുന്നു.

തിരുവെഴുത്തു എന്തു പറയുന്നു എന്നു വായിച്ചു നോക്കുക. "ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവ ഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകും വണ്ണം സൽ പ്രവൃത്തികളെ കൊണ്ടത്രേ അലങ്കരിക്കേണ്ടതു. സ്ത്രീ മൌനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ; ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും" (1തിമൊഥെയൊസ് 2:8-15).

"വിശുദ്ധന്മാരുടെ സർവ്വ സഭകളിലുമെന്ന പോലെ സ്ത്രീകൾ സഭാ യോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ, ന്യായ പ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛരിക്കുന്നു എങ്കിൽ വീട്ടിൽ വെച്ചു ഭർത്താ

ക്കൻമാരോടു ചോദിച്ചു കൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലൊ. ദൈവ വചനം നിങ്ങളുടെ ഇടയിൽ നിന്നോ പുറപ്പെട്ടതു ? അല്ല, നിങ്ങൾക്കു മാത്രമൊ വന്നതു ? താൻ പ്രവാചകൻ എന്നോ ആത്മികൻ എന്നോ ഒരുത്തന്നു തോന്നുന്നു എങ്കിൽ, ഞാൻ നിങ്ങൾക്കു എഴുതുന്നതു കർത്താവിന്റെ കല്പന ആകുന്നു എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ. ഒരുവൻ അറിയുന്നില്ലെങ്കിൽ അവൻ അറിയാതിരിക്കട്ടെ" (1കൊരിന്ത്യർ 14:34-38).

ഒരുപക്ഷെ വിശുദ്ധന്മാരാകാത്തവർക്കു ഈ വാക്യങ്ങൾ ബാധകമല്ലെന്ന് അവർ കരുതുന്നുണ്ടാകാം. അതുകൊണ്ടായിരിക്കാം അവർ സഭകളിൽ സ്ത്രീ വൈദികരെ നിയമിക്കുന്നതു. മറെറാരു കാര്യം നോക്കിയാൽ ഈ വിഭാഗീയ സഭകളൊന്നും കർത്താവിന്റേതല്ലല്ലൊ. അപ്പോൾ പിന്നെ അവരെങ്ങിനെ ക്രിസ്തുവിന്റെ വചനത്തിൽ നില നില്ക്കും ?

ആംഗ്ലിക്കൻ സഭയിലേയും, മററു C. S. I. C. N. E തുടങ്ങിയ സഭകളിലുള്ള വിശ്വാസികൾ വേദ പുസ്തക സത്യത്തെ വായിച്ച് മനസിലാക്കി അതു ഉൾക്കൊള്ളുവാൻ തയ്യാറാകണം, ദൈവ കല്പനകളെ മാററരുതു ദൈവ ശാസ്ത്രീയമായ നിർദ്ദേശങ്ങൾ തള്ളിക്കളയരുതു. കർത്താവിന്റെ വഴി സ്വീകരിച്ച് അവന്റെ പത്ഥ്യോപദേശമനുസരിച്ച് നിങ്ങളെല്ലാവരും ദൈവത്തിന്റെ ഭവനത്തിലേക്കു തിരിച്ചു വരിക. ഞങ്ങളുടെ സ്നേഹത്തോടു കൂടിയ അപേക്ഷയാണിതു.

★

# ചെത്തു പുരോഹിതന്മാരും കിടിലം പ്രസംഗങ്ങളും

കളത്തുകാൽ. രാജദാസ്

മാസങ്ങൾക്കുമുമ്പ്. ഒരു ഗ്രാമത്തിലുള്ള കത്തോലിക്കാ സഭ വിശ്വാസിയുടെ ഭവനം ഒരു സുവിശേഷ പ്രവർത്തകൻ ക്രൈസ്തവ ലഘുലേഖകളുമായി സന്ദർശിക്കയുണ്ടായി. ആ ഭവനത്തിലുള്ള ബാലനോട് സുവിശേഷ പ്രവർത്തകൻ. യേശുക്രിസ്തു ആരെന്ന് ചോദിച്ചു. ? അവൻ പറഞ്ഞു അവനറിഞ്ഞുകൂടായെന്ന്. എന്നാൽ മോഹൻലാൽ എന്നോ ?. മമ്മൂട്ടി എന്നോ ?. ഇ..കെ. നയനാർ എന്നൊക്കെ അവനറിയാം. പക്ഷേ കർത്താവായ യേശുക്രിസ്തു ആരെന്നു അവന് അറിഞ്ഞുകൂടാ. അപ്പോൾ ഇതു കൊണ്ടു അർത്ഥമാക്കുന്നത് ദൈവീക ആരാധനയ്ക്കു അവൻ പോകുന്ന മതസംഘടനയിൽ ആ ബാലനെ കർത്താവിനെ കുറിച്ചു പഠിപ്പിക്കുന്നില്ലാ !എന്നല്ലേ ചിന്തിക്കേണ്ടത് ?.

ബാലികാ ബാലന്മാരുടെ സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായുള്ള ധാരണത്തിന് സത്യവേദപുസ്തകത്തിന് അതുല്യമായ സ്ഥാനമുണ്ടു. തിരുവചനത്തെക്കുറിച്ചു ആരാധനാ പരിപാടികൾക്കുമുമ്പ് മതസംഘടന, ശുശ്രൂഷകർ അവരെബോധവാന്മാരാക്കണം. അതാണ് സുവിശേഷ പ്രവർത്തനത്തിൻെറ അഥവാ സേവനത്തിൻെറ ഏററവും വലിയ ധർമ്മം.

ഈ അടുത്ത കാലത്ത് പാരമ്പര്യ സഭയിലെ ഏതാനും യുവതികൾ അച്ചൻെറ കിടിലം പ്രസംഗങ്ങൾ കലക്കി എന്നു പറയുന്നത് ഞാൻ കേൾക്കാൻ ഇടയായി. എന്താ

ണ്‌ കിട്ടിലം ? എന്തൊക്കെയാണ്‌ കലക്കിയത്‌. അവഹേളി ക്കുന്നുവെന്ന്‌ കരുതരുത്‌. കാരണം വികാരി പ്രഭാതത്തിൽ വീണ്ടു ഒക്കെ അടിച്ചു അഥവാ ഒന്നു മിനുങ്ങി ഒരു ചെറു ചിരിയൊക്കെ പാസ്സാക്കി. കാറിലോ ? ബൈക്കിലോ ? ചെത്തി സഭയിൽ ധർമ്മോപദേശം നല്‌കാൻ വന്നു. അവിടത്തെ യു വാക്കളും അപ്രകാരമായിരിക്കും വരുന്നത്‌. ഒരു പെഗ്‌ ജോ ണിവാക്കറും അടിച്ചു ഒരു സിഗററും വലിച്ചു വരുന്നു. പള്ളിയുടെ മുററത്ത്‌ വന്നശേഷം ഈ കത്തിത്തീരാറായ സി ഗററ്‌ കുററി കോലായിലിരിക്കുന്ന യേശു ക്രിസ്‌തുവി ന്റെ പ്രതിമയിൽ കുത്തിയണക്കുന്നു. അവരൊക്കെ പറയാ റുണ്ടു ഓ ഒരു പെഗ്‌ പ്രഭാതത്തിൽ അടിച്ചില്ലെങ്കിൽ എങ്ങ നെയാ പിന്നെ പള്ളിയിൽ കയറുന്നത്‌ ? കാരണം വികാരി യും അത്‌ അടിച്ചിട്ടാണല്ലോ വരുന്നത്‌.

പാരമ്പര്യ സഭാ വിശ്വാസിയുടെ കഴുത്തിൽ കറുത്ത ചരടിൽ കെട്ടിയ വെള്ള ക്രൂശ്‌ കാണുമായിരിക്കും. മദ്യപി യ്ക്കാൻ നേരത്ത്‌ ക്രൂശ്‌ എടുത്ത്‌ പുറക്‌ വശത്തിടും. എ ന്നിട്ട്‌ ആ വായ്‌കൊണ്ടു തന്നെ പള്ളിയിൽ കയറുമ്പോൾ ക്രൂശിൽ ചുംബിയ്ക്കാറുണ്ടു. പിന്നെയുമുണ്ടു ഭവന ത്തിൽ ചിസ്‌ക്കി ഒക്കെവാങ്ങി യേശു ക്രിസ്‌തുവിന്റെ പ്ര തിമയുടെ ഉൾഭാഗത്ത്‌ വയ്‌ക്കും. കാരണം പിള്ളേരു കണ്ടാ ലോ ? അതെല്ലാം പോകട്ടേ പള്ളിവികാരി എന്താണ്‌ പ്രസം ഗിക്കുന്നത്‌ ? ഇന്നത്തെ യുവാക്കൾക്കും ഹരം പിടിപ്പിക്കുന്ന എന്തെങ്കിലുമായിരിക്കും. അതുകൊണ്ടാണല്ലോ യുവജന ങ്ങൾ കിടില പ്രസംഗങ്ങൾ എന്ന്‌ പറയുന്നത്‌. അതായത്‌ ജനങ്ങളുടെ പ്രവാഹവും തള്ളലും ഇല്ലാത്ത രണ്ടു സ്‌ഥാപ നങ്ങളാണ്‌, ഒന്നു പൊലീസ്‌ സ്‌റ്റേഷനും മററൊന്നു സ ത്യസഭയും. സത്യസഭയിൽ എല്ലായിപ്പോഴും ആളുകൾ കുറ വായിരിക്കും. കാരണം സത്യമല്ലേ അവർ പഠിപ്പിക്കുന്നത്‌. ഇന്നു ഭൗതികമായി നോക്കുകയാണെങ്കിൽ മാവേലി സ്റ്റോ റിൽ തള്ളൽ, വിദ്യാഭ്യാസ സ്‌ഥാപനങ്ങളിൽ അഡ്‌മിഷനു വേണ്ടി തള്ളൽ, കലാ കായിക പ്രകടന സദസ്സുകളിൽ തള്ളൽ, രാഷ്‌ട്രീയക്കാരുടെ മൈതാന പ്രസംഗങ്ങൾ കേൾക്കാൻ

തള്ളൽ, ബസ്സിൽ തള്ളൽ, ഇങ്ങനെ തള്ളൽ സമാഹാരത്തെക്കുറിച്ചുതന്നെ പറയാനുണ്ടു. ഇവിടെയെല്ലാം പോകുന്നത് തെറ്റാണല്ലാ. ആത്മീയകാര്യങ്ങൾക്കു കൂടി മുൻതൂക്കം നല്കണ്ടേ. ?

എന്നാൽ ആത്മീയ കാര്യത്തിലും ഇന്നും ഒരു വിഭാഗം ദൈവമക്കളെ അകററിനിറുത്തുന്നു. കത്തോലിക്കാ സഭയുടെയും അതിനോടു ബന്ധപ്പെട്ടു നില്ക്കുന്ന മതസംഘടനകളും ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. കത്തോലിക്കാ സഭയുടെ ഏററവും വലിയ പുഴുക്കുത്താണ് അയിത്താചരണം. ഈ ആധുനിക യുഗത്തിൽ പോലും ജാതിയുടെ പേരു പറഞ്ഞു ദൈവത്തിൻെറ സൃഷ്ടിയായ ദൈവമക്കളെ പ്രത്യേക നാമങ്ങൾ നല്കി വേർതിരിച്ചിരിക്കുന്നു. അവശ ക്രൈസ്തവനെന്നും, ദളിത് ക്രിസ്ത്യാനിയെന്നും പരിവർത്തന ക്രിസ്ത്യാനി എന്നും ഹരിജൻ ക്രിസ്ത്യാനി എന്നും തുടങ്ങിയ നാമങ്ങളങ്ങനെ നീണ്ടു പോകുന്നു ഈ പട്ടിക. ഈ പേരുകൾ വിളിച്ചു ദൈവ മക്കളെ അവജ്ഞയോടെ അധിക്ഷേപിക്കുന്നു. ഇതൊക്കെ സത്യവേദ പുസ്തകത്തിന് വിരുദ്ധമല്ലേ ? ഇങ്ങനെയുള്ള ക്രിസ്ത്യാനികളെ കുറിച്ചു സത്യവേദ പുസ്തകത്തിലുണ്ടോ ?

ഒരിക്കൽ ഒരു യുവാവ് അച്ചനൻ പട്ടം പഠിയ്ക്കാൻ ആഗ്രഹിച്ചു. എന്നാൽ മേലധികാരികളുടെ വാക്കു അവൻെറ ആഗ്രഹാഭിലാഷങ്ങൾക്കു വിരുദ്ധമായിരുന്നു. അവൻ പുരോഹിത വേഷം ധരിയ്ക്കാൻ അർഹിക്കുന്നില്ലാ എന്നാണ് അവർ കണ്ടെത്തിതതു. ഈ അവശ ക്രൈസ്തവരെ ആവശ്യങ്ങൾ നേടാൻ വേണ്ടി മാത്രം വച്ചു ഉപയോഗിച്ചതിന് ശേഷം കറിവേപ്പില പോലെ കളയുന്നത് തെററല്ലേ ?

കേരളത്തിൻെറ തലസ്ഥാന നഗരിയിൽ ഈ അടുത്ത കാലത്ത് വർഗ്ഗീയ ലഹള പൊട്ടി പുറപ്പെട്ടു. അത് സമീപ പ്രദേശങ്ങളെയും നിസാരമായി ബാധിച്ചു. ഹിന്ദുക്കളും മുസ്ലീംകളും തമ്മിലായിരുന്നു ചേരിപ്പോരു ഇതു പോലൊരു

ലഹള ക്രിസ്ത്യാനികളുടെ നേർക്കും ഉണ്ടായി കൂടെന്നുണ്ടോ? അതായത് ക്രിസ്ത്യാനികളുടെ പാലയൂർ പള്ളി പോർട്ടുഗീസുകാർ സൈനീക ബലംകൊണ്ടാണ് പിടിച്ചെടുത്തത് എന്ന് വടക്കേ ഇൻഡ്യയിലെ ഹൈന്ദവസന്യാസിമ്മാർ പറയുന്നത്. അവിടെ ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്നും വിഗ്രഹങ്ങൾ ക്ഷേത്രക്കുളത്തുണ്ടു എന്ന് അവർ വാദിക്കുന്നു. പറവൂർ, നിരണം etc. പള്ളികളെ ചൊല്ലി നാമധേയ ക്രിസ്ത്യാനികളുടെ നാടായ കേരളത്തിൽ സംഘർഷങ്ങളും വിവാദങ്ങളും ഉണ്ടായികൂടെന്നുണ്ടോ ? ആ സന്ദർഭത്തിലും അവശ ക്രൈസ്തവനേയും രണ്ടാം തരം ക്രിസ്ത്യാനികളായി തന്നെ കാണുമോ ?. തീർച്ചയായും അപ്രകാരം കാണണം. അല്ലെങ്കിൽ ആയിരങ്ങൾ അതിന്റെ ലഹരിയിൽ മയങ്ങിവീഴും.

അവിടെ നിന്നും അവശ ക്രൈസ്തവനെ മാററി നിർത്തണം. മുദ്രാവാക്യങ്ങൾ വിളിയ്ക്കാനും ബാനറുകൾ പിടിയ്ക്കാനും കൊണ്ടു പോകരുത്. കാരണം ക്രിസ്ത്യാനിയല്ലല്ലോ ?. രണ്ടാം തരം ക്രിസ്ത്യാനിയല്ലേ ?

"മഹാകവി ഉള്ളൂർ ഇങ്ങനെ വർണ്ണിക്കുന്നു.
അടുത്തു നില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്കരൂപനീശ്വര നാദൃനായാ ലതിലെന്താശ്ചര്യം."

എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്നും പരസ്പരം സ്നേഹിയ്ക്കാനും ക്ഷമിയ്ക്കാനും സഹായിക്കാനും കഴിഞ്ഞാൽ മാത്രമേ ക്രിസ്ത്യാനി എന്നു പറയാൻ ഓരോരുത്തർക്കും സാധിക്കയുള്ളു. അന്ധമായ അനാചാരങ്ങളിലും ആവശ്യമില്ലാത്ത പ്രവർത്തികളിലും ഏർപ്പെടാതെ എല്ലാവരും മനുഷ്യനായി കാണാൻ കഴിയട്ടെ എന്നാണ് എന്റെ പ്രാർത്ഥന. ദൈവ വചന പ്രകാരമുള്ള ക്രിസ്ത്യാനികൾ ആയി നില കൊള്ളാം.

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

**സാജു ജോർജ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## ലേവ്യപുസ്തകം 7:26-27

"നിങ്ങളുടെ വാസസ്ഥലങ്ങളിൽ എങ്ങും യാതൊരു പക്ഷിയുടേയും മൃഗത്തിന്റേയും രക്തം നിങ്ങൾ ഭക്ഷിക്കരുതു. വല്ല രക്തവും ഭക്ഷിക്കുന്നവനെ എല്ലാം അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയേണം."

മനുഷ്യശരീരത്തിൽ രക്തം കയററുന്നതിൽ **(Blood transfusion)** വിരോധമായി വീക്ഷാ ഗോപുരക്കാർ വളരെയധികം ഉദ്ധരിക്കുന്ന ഒരു വേദഭാഗമാണിത്. പക്ഷികളുടേയും മൃഗത്തിന്റേയും രക്തം ഭക്ഷിക്കരുതെന്ന് യിസ്രായേൽ ജനങ്ങളോട് ദൈവം പ്രത്യേകമായി അരുളിച്ചെയ്ത ഈ വേദഭാഗം വലിച്ചു നീട്ടി ജീവൻ രക്ഷിക്കുന്നതിനു വേണ്ടി മനുഷ്യൻ രക്തം സ്വീകരിക്കുന്ന വൈദ്യ ശാസ്ത്രപരമായ പുരോഗമനത്തെ അവർ നിഷേധിക്കുന്നു. ഒരിക്കലും മോശയിലൂടെ ദൈവം ഈ ഭാഗങ്ങൾ അറിയിച്ചപ്പോൾ മനുഷ്യ രക്തത്തെക്കുറിച്ചായിരുന്നില്ല പരാമർശിച്ചിരുന്നത് എന്ന് ഓർമ്മിക്കുക.

യഹൂദ പുരോഹിതൻമാർ നടത്തിവന്നിരുന്ന മൃഗയാഗങ്ങളെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുകയാണ് ലേവ്യപുസ്തകത്തിൽ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി തന്റെ വിലയേറിയ രക്തം നല്കിയ യേശുക്രിസ്തുവിന്റെ ആ പരമയാഗത്തിന്റെ നിഴലായിരുന്നു പഴയ

നിയമത്തിലെ മൃഗയാഗങ്ങൾ. വീക്ഷാ ഗോപുരക്കാർ വിശദീകരിക്കുന്നതുപോലെയുള്ള അർത്ഥമോ, ഉദ്ദേശമോ ആയിരുന്നില്ല ലേവ്യപുസ്തകത്തിന്റെ ഉള്ളടക്കം. **(Any attempt to read these verses as a prophetic ruling on the pros and cons of modern medical proceedures totally ignores the context of the passage)**

യഹോവസാക്ഷിക്കാരുമായി ഈ വേദഭാഗം ചർച്ചചെയ്യുമ്പോൾ അവരോട് പറയണം, പരമ്പരാഗതമായി യഹൂദ ആചാരങ്ങളും നിയമങ്ങളും വ്യക്തമായി പ്രമാണിക്കുന്ന യഹൂദന്മാർക്ക് മൃഗത്തെ കൊല്ലുമ്പോഴും മൃഗത്തിന്റെ മാംസം ഭക്ഷിക്കുമ്പോഴും മററും ഈ കല്പനകൾ പൂർണ്ണമായും അനുസരിച്ച് രക്തം ഒഴിവാക്കുകയും മററും ചെയ്യുന്നുവെങ്കിലും. ജീവൻ രക്ഷിക്കുന്നതിനായി മനുഷ്യശരീരത്തിൽ രക്തം കയററുന്ന ക്രിയയെക്കുറിച്ച് യാതൊരു വിരോധവുമില്ല എന്ന്. **Therefore the original Hebrew text does not even hint at the interpretation that the watch-tower imposes upon it.** എബ്രായ ബൈബിളിൽ പറയാത്ത, യഹൂദന്മാർപോലും നിഷേധിക്കാത്ത ആശയങ്ങൾ വീക്ഷാ ഗോപുരക്കാർ അടിച്ചേല്പിക്കുന്നതെന്തിന് ?

ഇത്രയും പറഞ്ഞു കൊടുത്തിട്ടും അവരുടെ മുൻവിധിയോടുകൂടിയുള്ള സമീപനം മാററുന്നില്ലെങ്കിൽ ലേവ്യപുസ്തകം 3:17 ലേയ്ക്കുതിരിയുക. "മേദസ്സും രക്തവും തിന്നരുത്" എന്ന് പറയുന്ന ഭാഗം വായിപ്പിക്കുക. എന്നിട്ട് ചോദിക്കുക രക്തം കയററുന്നതിന് സ്വീകരിക്കുന്നതിന് നിങ്ങൾ അനുവദിക്കുന്നില്ല എങ്കിലും മേദസ്സും **(fat)** തിന്നുന്നതിൽ എന്തു കൊണ്ട് അനുവദിക്കുന്നു ?

യഹൂദ ഭക്ഷണ നിയമത്തിലെ പ്രമാണങ്ങളിൽ നിന്ന് വാക്കുകൾ വലിച്ചെടുത്ത് സ്വന്ത ഉപദേശം സ്ഥാപിക്കു

വാൻ ശ്രമിക്കുകയല്ലേ വീക്ഷാ ഗോപുരക്കാർ ചെയ്യുന്നത്. ? (പഴയ ലക്കത്തിൽ ഈ വിഷയം വിവരിച്ചിരുന്നതു കൂടി വായിക്കുക.)

**ആവർത്തനപുസ്തകം 18:20-22**

"എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കേണം. അതു യഹോവ അരുളിച്ചെയ്യാത്ത വചനം എന്നു ഞങ്ങൾ എങ്ങനെ അറിയും എന്നു നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാര്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല. പ്രവാചകൻ അതു സ്വയം കൃതമായി സംസാരിച്ചതത്രേ. അവനെ പേടിക്കരുതു."

വീക്ഷാഗോപുര സംഘടന സ്വയം 'പ്രവാചകൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. പ്രവാചകൻ എന്ന് അവർ അവകാശപ്പെടുമ്പോൾ ഒരാളായിട്ടല്ല സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ഒരു കൂട്ടമായി അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. (The watch tower 4/1/72. P 192). അവർ തങ്ങളെ തന്നെ ഉയർത്തികൊണ്ട് വാദിക്കുന്നത് ഇങ്ങനെയാണ്. എത്രയൊക്കെ ബൈബിൾ മനസ്സിലാക്കിയിരുന്നാലും ഈ സംഘടനയുമായി ബന്ധപ്പെടാത്തവർക്ക് ജീവങ്കലേയ്ക്കു എത്തിച്ചേരുവാൻ കഴിയുകയില്ല ! എന്ന്. **'Unless we are in touch with this Channel of Communication that God is using we will not progress along the road to life, no matter howmuch Bible reading we do" - The watch tower. 12/1/81. P. 27)**

ഇവർ അവകാശപ്പെടുന്നത് വാസ്തവമാണോ ? വീക്ഷാഗോപുര സംഘടന ദൈവത്തിന്റെ സന്ദേശവാഹകരും പ്രവാചകനുമാണോ ? അതോ കള്ളപ്രവാചകനോ ? ആവർ

ത്തന് പുസ്തകത്തിൽ പറയുന്ന പരീക്ഷണം നടത്തി സത്യം കണ്ടുപിടിക്കുവാൻ ശ്രമിക്കാം. ആ വേദഭാഗ പ്രകാരം ഇവർ യഹോവയുടെ നാമത്തിൽ സംസാരിക്കുന്നുണ്ട്, ഇവർ അവകാശപ്പെട്ട കാര്യങ്ങൾ സംഭവിച്ചുവോ എന്നും നോക്കേണ്ടതുണ്ട്.

ഈജിപ്തിലെ വലിയ പിരമിഡ് (the Great pyramid fo Egypt ബൈബിൾ പോലെ തന്നെ ദൈവശാസ്ത്രീയമാണെന്ന് വീക്ഷാ ഗോപുരത്തിന്റെ സ്ഥാപകനും ആദ്യ പ്രസിഡന്റുമായ റസ്സലിന്റെ (Russell) -ന്റെ ഉപദേശം അൻപതോളം വർഷം അവർ പ്രചരിപ്പിച്ചിരുന്നു.

(See the watch towers 'book- Thy kingdom Come' 1903 Edition, P. 362). വീക്ഷാഗോപുരസംഘടന പിരമിഡിന്റെ അളവ്-വർഷങ്ങളായി കണക്കുകൂട്ടി ഭാവികാര്യങ്ങളെ പ്രവചിക്കുന്നതിനായി ഉപയോഗിച്ചു (inches of Pyramid measurements into Calendar years , in attempts to foretell future events). അങ്ങനെ കണക്കുകൂട്ടിയതനുസരിച്ച് അർമ്മഗദ്ദോൻ യുദ്ധം 1914-ൽ അവസാനിക്കുകയും ഭൂമിയുടെ അധികാരം പൂർണ്ണമായും മാററപ്പെടുകയും ചെയ്യും എന്ന് പ്രവചിച്ചു.

(The Battle of Armageddon will end in AD 1914 with the Complete Overthrow of earth's present rulership- The time is at Hand, 1904 Edition, P. 101) പക്ഷേ അവരുടെ പ്രവചനം സംഭവിച്ചില്ല.

(ശേഷം അടുത്ത ലക്കത്തിൽ

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജെ.

## V സർദ്ദിസിലെ സഭ (വെളി 3:1-6).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഈ വേദ ഭാഗങ്ങൾ വായിച്ച് അവയെ പ്രമാണിച്ച് ദൈവമക്കളായി ജീവിക്കുന്നത് എത്ര ലളിതമാണെന്നു നിങ്ങൾ തന്നെ മനസ്സിലാക്കിക്കൊൾക. പുതിയ നിയമം വായിക്കുമ്പോൾ പ്രസക്തമായ വേറെയും വാക്യങ്ങൾ നിങ്ങൾക്കു ഗ്രഹിക്കാൻ സാധിക്കും.

ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുന്നവർക്ക് അനവധി പ്രതിഫലങ്ങളും കർത്താവ് നമുക്കു വാഗ്ദത്തം ചെയ്യുന്നുണ്ട്. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ 6:33). "അവൻ ആററരികത്തു നട്ടിരിക്കുന്നതും, തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. അവൻ , ചെയ്യുന്നതൊക്കെയും സാധിക്കും" (സങ്കീ 1:3). "യേശു പറയുന്നു, എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടു കൂടെ വാസം ചെയ്യും (യോഹ 14:23). ഇത്രമാത്രം അനുഗ്രഹിക്കപ്പെട്ടതും. ധന്യവുമായ ക്രിസ്തീയ ജീവിതത്തിനായി എന്റെ സ്നേഹിതാ, നിന്റെ പാപ ജീവിതത്തെയും, ക്രിസ്തീയ സമുദായ പ്രസ്ഥാനങ്ങളെയും നിനക്ക് എന്നന്നേക്കുമായി ഉപേക്ഷിക്കുവാൻ കഴിയുമോ ?

"ഉണർന്നു കൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർത്ത് അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്യുക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല" (വെളി 3: 2,3).

ഇന്നത്തെ സമുദായ സംഘടന സഭ, പ്രസ്ഥാനങ്ങളെയും, അനാത്മിക ജീവിതം നയിക്കുന്നവരെയും കുറിച്ചുള്ള കർത്താവിന്റെ ചില മുന്നറിയിപ്പുകളാണ് ഈ വാക്യങ്ങളിൽ കൂടി നമുക്ക് കേൾക്കാൻ കഴിയുന്നത്, നീ മനസ്സുവെച്ചു കേട്ടനുസരിക്കുന്നെങ്കിൽ; നിനക്ക് ഉണരാനും, ശക്തിയാർജിക്കാനും ആത്മീയ ജീവൻ പ്രാപിക്കാനും സാധിക്കുന്ന അവസ്ഥയിലാണ് നിന്റെ ഇപ്പോഴത്തെ നില. നീ പൂർണ്ണമായി മരിച്ചിട്ടില്ല. ആശയ്ക്കു വളരെ വകയുണ്ട്. ഇതുവരെയുള്ള നിന്റെ ജീവിതവും പ്രവൃത്തികളും, യാതൊന്നും ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണത ഉള്ളതായി കണ്ടിട്ടില്ല. ദൈവഹിതത്തിനു വിരുദ്ധമായ കാര്യങ്ങൾക്കും ആചാരങ്ങൾക്കും നിങ്ങൾ ദൈവീക പരിശുദ്ധി കല്പിച്ച്, ദൈവവചനത്തിനു വിപരീതമായ മാനുഷിക ഉപദേശങ്ങളുടെ ഊരാക്കുടുക്കിൽ നിങ്ങൾ തളയ്ക്കപ്പെട്ടിരിക്കയാണ്. നിരപരാധികളെ വലയ്ക്കുന്ന സമുദായ സംഘടനാ സഭാ പ്രസ്ഥാനങ്ങളെ ! നിങ്ങളുടെ പ്രവർത്തികൾ എല്ലാം തന്നെ ദൈവസന്നിധിയിൽ കഠിന ശിക്ഷാർഹമാണ്. പുണ്യാളന്മാരെയും പുണ്യാളത്തിമാരെയും സേവിക്കുക; കുമ്പസാരം, നിശ്ചിത ഫീസുകളോടുകൂടിയ കുർബ്ബാനകൾ; മരിച്ചു പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ; സെമിത്തേരി വ്യഞ്ചരിക്കുക; വിവിധതരത്തിൽ, ഇനം തിരിച്ചുള്ള നേർച്ചകളും വഴിപാടുകളും; പണ പിരിവുകളും കൂടാതെ പെരുന്നാളുകൾ, ദിവസങ്ങളെയും, മാസങ്ങളെയും, ആണ്ടുകളെയും ആചരിക്കുക ഇവയെല്ലാം ദുരുപദേശങ്ങളാണ്.

നിങ്ങളുടെ പ്രവൃത്തികൾ മനുഷ്യർക്ക് വിളങ്ങേണ്ടതിന ത്രെ ചെയ്യുന്നത്. വൈദീകന്മാരും, പാസ്റ്റർമാരും എല്ലാം“ തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യൻ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു” (മത്താ 23:5-7).

“നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടെച്ചു കളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കയും ചെയ്യുന്നു. ഇതു പോതുവായി നിങ്ങൾക്ക് കടുപ്പമേറിയ ശിക്ഷാവിധിവരും” (മത്താ 23:13). “നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. നിങ്ങൾക്കു ഹാ കഷ്ടം; വെള്ള തേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമേ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകല വിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്കു തോന്നുന്നു; അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രേ” (മത്താ 23:27-28). ആകയാൽ ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക. സുവിശേഷം കേട്ട് വിശ്വസിച്ച് അതിനെ അനുസരിക്കുമ്പോൾ നിങ്ങൾക്ക് എല്ലാം യഥാർത്ഥ അവസ്ഥയെ പ്രാപിക്കാൻ കഴിയും. “കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവൃത്തികളാലും തന്റെ ഇഷ്ട പ്രകാരം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ. നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെററി ഒഴിയും” (എബ്രാ 2:3,4).

നിത്യജീവന് അവകാശികളായി സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തു

വിനോടും അനേകം അനേകം ദൈവ ദൂതന്മാരോടും, വിശുദ്ധന്മാരോടും ചേർന്നു വാഴുവാൻ; ദൈവവചനത്തിലൂടെ നീ പ്രാപിക്കയും. കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർത്തു മാനസാന്തരപ്പെടുകയും ആത്മീയ ജീവിതത്തിനായി നീ നിന്നെത്തന്നെ കർത്താവിനു കീഴ്പ്പെടുത്തുകയും ചെയ്യുക.

പാപാവസ്ഥയിൽ മരിച്ചിരിക്കുന്ന ഓരോരുത്തർക്കും-സുവിശേഷം- ജീവന്നു ആധാരമാണ്. പൗലൊസ് പറയുന്നത്. "ക്രിസ്തു യേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്." (1കൊരി 4:15) "എങ്കിലും വചനം കേൾക്കമാത്രം ചെയ്തു കൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്നരൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു" (യാക്കോ 1:22-24). "എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു." (മത്താ 7:26). "ചുവർ പണിതാൽ അവർ കുമ്മായം പൂശിക്കളയുന്നതു കൊണ്ടു. അടർന്നു വീഴും വണ്ണം കുമ്മായം പൂശുന്നവരോട് നീ പറയേണ്ടത്, പെരുമഴചൊരിയും, ഞാൻ ആലിപ്പഴം പൊഴിയിച്ചു കൊടുങ്കാററടിപ്പിക്കും. ചുവർ വീണിരിക്കുന്നു. നിങ്ങൾ പൂശിയ കുമ്മായം എവിടെ പോയി എന്നു നിങ്ങളോ പറകയില്ലയോ. ?

ശേഷം അടുത്ത ലക്കത്തിൽ

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9 : 00 to 9 : 15 P.M.
Fridays —7 : 45 to 8 : 00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 : 45 to 1 : 00 P.M.
Tuesdays — 9 : 00 to 9 : 15 P.M.
Thursdays — 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2 : 30 to 2 : 45 P.M.
Tuesdays — 2 : 30 to 2 : 45 P.M.
Thursdays— 2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays — 2 : 30 to 2 : 45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5 : 30 to 5 : 45 P.M.
Thursdays — 6 : 45 to 7 : 00 P.M.
Sundays — 6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3 : 15 to 3 : 30 P.M.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays 1 : 45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034